നം: പി.എഫ് 5(2)/422/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം,
തീയതി : 08.01.2018
ഫോൺ.നം:0471 -2303107

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് – IFMS മുഖേന 2016-17 Financial Year ക്രെഡിറ്റ് കാർഡ് വിതരണം ചെയ്യുന്നത് - സംബന്ധിച്ച്.

* * *

സർക്കാരിന്റെ പുതിയ സോഫ്റ്റ്‌വെയർ ആയ IFMS (Integrated Financial Management System) മുഖേന 2016-17 Financial Year മുതലുള്ള പി.എഫ്.ക്രെഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതിന്റെ പ്രാരംഭ നടപടിയുടെ ഭാഗമായി എല്ലാ സ്വകാര്യ കോളേജുകളും അവരുടെ എല്ലാ ജീവനക്കാരുടേയും 2016-17 Financial Year-ലെ ഓപ്പണിങ്ങ് ബാലൻസ് എൻട്രി നടത്തിയതിനുശേഷം വെരിഫൈ ചെയ്യേണ്ടതും, താഴെപ്പറയുന്ന രേഖകൾ 31.01.2018-ന് മുൻപ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

1. 2015-16 Financial Year-ലെ ക്രെഡിറ്റ് കാർഡിന്റെ പകർപ്പ് (ആയതിൽ ജീവനക്കാരന്റെ പെൻ നം. രേഖപ്പെടുത്തിയിരിക്കണം)
2. 2016-17 Financial Year-ലെ എ, ബി, സി, ഡി സ്റ്റേറ്റ്മെന്റ് വെരിഫൈ ചെയ്ത് ആയതിന്റെ പകർപ്പ്
3. എല്ലാ ജീവനക്കാരുടേയും ഓപ്പണിംഗ് ബാലൻസ് എൻട്രിയും എ.ബി.സി.ഡി സ്റ്റേറ്റ്മെന്റും വെരിഫൈ ചെയ്തു എന്നുള്ള പ്രിൻസിപ്പാളിന്റെ സർട്ടിഫിക്കറ്റ് [പ്രസ്തുത സർട്ടിഫിക്കറ്റിൽ ഓരോ ജീവനക്കാരന്റെയും പേരും പി.എഫ് അക്കൌണ്ട് നമ്പരും രേഖപ്പെടുത്തിയിരിക്കണം]

ഓരോ ജീവനക്കാരന്റെയും മേൽപ്പറഞ്ഞ സീരിയൽ നമ്പർ 1, 2-ലെ രേഖകൾ ഒരുമിച്ച് നൽകേണ്ടതാണ്. അല്ലാത്തവ സ്വീകരിക്കുന്നതല്ല.

കൂടാതെ, മേൽപ്പറഞ്ഞ രേഖകൾ അയയ്ക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ താഴെപ്പറയുന്ന പ്രൊഫോർമയിൽ ആമുഖകത്തിനോടൊപ്പം നൽകേണ്ടതാണ്.

GOVERNMENT OF KERALA

## പ്രൊഫോർമ

കോളേജിന്റെ പേര് : സാമ്പത്തിക വർഷം : 2016-17

| സീരിയൽ നം | പി.എഫ്. അക്കൌണ്ട് നമ്പർ | പെൻ നം. | ജീവനക്കാരന്റെ പേര് | ഓപ്പണിംഗ് ബാലൻസ് തുക |
|---|---|---|---|---|
| | | | | |

ഈ വിഷയത്തിലെ മുൻ സർക്കുലർ പ്രകാരം 2015-16 Financial Year-ലെ ക്രെഡിറ്റ് കാർഡിന്റെ കോപ്പിയും പ്രൊഫോർമയും അയച്ചു തരാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ചില കോളേജുകൾ നാളിതുവരെ നൽകിയിട്ടില്ല. നൽകിയവർ ഓപ്പണിംഗ് ബാലൻസ് വെരിഫൈ ചെയ്തതായും കാണുന്നില്ല. ആയതിനാൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്കനുസൃതമായുള്ള രേഖകൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നൽകിയാൽ മാത്രമേ 2016-17 ക്രെഡിറ്റ് കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ഒപ്പ്/-
കെ.എസ്.മീനാക്ഷി
അക്കൌണ്ട്സ് ഓഫീസർ (പി.എഫ്)

പകർപ്പ്:-

1. എല്ലാ സ്വകാര്യ കോളേജുകൾക്കും
2. നടപ്പ ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

Ashasaly

സൂപ്രണ്ട്

പി.ജി : 09.01.2018

273173